## വിജ്ഞാപനം

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാന്റ് റിഡക്ഷൻ (NAPDDR) പദ്ധതിയുടെ ഭാഗമായി ലഹരി വസ്തുക്കളുടെ ദുരുപയോഗത്തിനെതിരെ കേരളത്തിലെ അതിഥി തൊഴിലാളികൾക്കിടയിൽ ബോധവത്കരണത്തിന്റെ ഭാഗമായി ഒരു സോഷ്യൽ മീഡിയ കാംപെയ്ൻ സംഘടിപ്പിക്കുന്നതിനായി താത്പര്യമുള്ള NGO കളിൽനിന്നും താത്പര്യപത്രം ക്ഷണിക്കുന്നു.

താത്പര്യമുള്ള സ്ഥാപനങ്ങൾ 31/01/2021 നകം സാമൂഹ്യനീതി ഡയറക്ടർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ 5-)ം നില, തിരുവനന്തപുരം എന്ന വിലാസത്തിൽ നിർദിഷ്ട മാതൃകയിൽ താത്പര്യപത്രം സമർപ്പിക്കേണ്ടതാണ്.

പ്രൊപ്പോസലിനോടൊപ്പം വിശദമായ പദ്ധതി രേഖ(സോഷ്യൽ മീഡിയ കാമ്പെയിൻ തീം ഉൾപ്പടെ) ബഡ്ജറ്റ് പ്ലാൻ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. സ്ഥാപനത്തിന്റെ നിർദ്ദിഷ്ട മേഖലയിലെ പ്രവർത്തിപരിചയം തെളിയിക്കുന്നതിന് മുൻകാലങ്ങളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പ്രൊപ്പോസലിനോടൊപ്പം ലഭ്യമാക്കേണ്ടതാണ്. പ്രൊപ്പോസലിന്റെ പകർപ്പ് sjdgsection@gmail.com എന്ന ഇമെയിൽ വിലാസത്തിലും ലഭ്യമാക്കേണ്ടതാണ്. വിശദ വിവരങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ (www.sjd.kerala.gov.in) ലഭ്യമാണ്.

സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ ക്കുവേണ്ടി

***PREETHY WILSON***
***Assistant Director***
***Directorate of Social Justice***
***Vikas Bhavan, Thiruvananthapuram-33***

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം കുറയ്ക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന കർമപദ്ധതിയാണ് നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാന്റ് റിഡക്ഷൻ (NAPDDR) . 2018 മുതൽ പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനുവേണ്ടി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക, ലഹരി ചികിത്സ കേന്ദ്രങ്ങൾ സ്ഥാപിക്കുക, ലഹരി വിരുദ്ധ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ നൽകുക, ലഹരി വിരുദ്ധ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഗുണനിലവാരം നിശ്ചയിക്കുകയും ഏകീകരിക്കുകയും ചെയ്യുക, എന്നിവ പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.

കേരളത്തിനു പുറത്തുനിന്നുള്ള അതിഥി തൊഴിലാളികൾ കേരള സമൂഹത്തിൽ പ്രധാനവും അവിഭാജ്യഘടകവുമായിരിക്കുന്നു. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് അസംഘടിത മേഖലയിലെ ഉയർന്ന വേതന നിരക്കും, ഉപജീവനമാർഗങ്ങളുടെ ലഭ്യതയും മറ്റു പല ഘടകങ്ങളും അതിഥി തൊഴിലാളികൾക്ക് കേരളത്തെ ആകർഷകമാക്കുന്നു . കെട്ടിട നിർമ്മാണം, സമുദ്ര മത്സ്യബന്ധനം , മത്സ്യസംസ്കരണം, പ്ലൈവുഡ്, ഹോസ്പിറ്റാലിറ്റി, പ്ലാന്റേഷൻ, ഫർണിച്ചർ, ഖനനം, ഇരുമ്പ്, സ്റ്റീൽ തുടങ്ങിയ മേഖലകളിൽ അതിഥി തൊഴിലാളികളുടെ സാന്നിദ്ധ്യം പ്രകടമാണ്. തമിഴ്നാട്, കർണാടക, ജാർഖണ്ഡ്, ഒഡീഷ, ബീഹാർ, പശ്ചിമ ബംഗാൾ, അസം, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ നിന്നുമാണ് തൊഴിലാളികൾ പ്രധാനമായും ഉള്ളത്. കേരളത്തിൽ പ്രധാനമായും കണ്ണൂരിൽ വളപട്ടണം, കോഴിക്കോട് വെള്ളിമാട്കുന്ന്, എറണാകുളം പെരുമ്പാവൂർ , കോട്ടയത്ത് പായിപ്പാട് തുടങ്ങിയ പ്രദേശങ്ങളിലാണ് തൊഴിലാളികൾ ധാരാളമായി കണ്ടുവരുന്നത് . കേരളത്തിലെ തൊഴിലാളികളുടെ പ്രൊഫൈലിൽ നിന്ന് വ്യത്യസ്തമായി, പരിമിതമായ വിദ്യാഭ്യാസമുള്ള അതിഥി തൊഴിലാളികൾ വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിലെ ദരിദ്ര ഗ്രാമീണ കുടുംബങ്ങളിൽ നിന്നുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന സമൂഹങ്ങളിൽ നിന്നുള്ളവരാണ്. അതിഥി തൊഴിലാളികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വളരെയധികം കൂടുതലാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. പാൻ മസാല, ബീഡി, സിഗരറ്റ്, മദ്യം എന്നിവയാണ് കൂടുതലായി ഉപയോഗിക്കുന്നത്. കഞ്ചാവ് പോലുള്ള ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നവരും മയക്കുമരുന്നിന് അടിമപ്പെട്ടവരും നിരവധിയാണ്.

ലഹരിഉപയോഗം കൂടാതെ ലഹരി വസ്തുക്കളുടെ വിപണവുമായി ബന്ധപ്പെട്ട് സുപ്രധാന കണ്ണികളായി അന്യസംസ്ഥാന തൊഴിലാളികൾ പ്രവർത്തിക്കുന്നുവെന്നും റിപ്പോർട്ടുകൾ ഉണ്ട് .

ലഹരി വസ്തുക്കളുടെ ഉപയോഗവും വിപണനവും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കുറ്റകൃത്യങ്ങളുടേയും അക്രമങ്ങളുടേയും നിരക്ക് അനുദിനം വർദ്ധിച്ചു വരികയാണ്. അതിഥി തൊഴിലാളികളുടെ ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ ബോധവത്കരണം നടത്തുന്നതിന് പരിമിതികൾ ഏറെയാണ് . അതിഥി തൊഴിലാളികളുടെ ലഹരി പദാർത്ഥഉപയോഗം കുറയ്ക്കുന്നതിന് തൊഴിലാളികളെ ബോധവത്കരിക്കുവാൻ ഹിന്ദി, ബംഗാളി, ആസാമീസ്, ഒഡിയ, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ ആശയവിനിമയ സാമഗ്രികൾ ആവശ്യമാണ്. നിരക്ഷരരും പരിമിതമായ വിദ്യാഭ്യാസമുള്ളവരും ധാരാളം തൊഴിലാളികൾ ഉള്ളതിനാൽ, പ്രിന്റ് മെറ്റീരിയലുകൾ സന്ദേശങ്ങൾ കൈമാറാൻ അനുയോജ്യമല്ല. അതുകൊണ്ട്തന്നെ സോഷ്യൽ മീഡിയകൾ മുഖേനയുള്ള ഒരു കാംപെയിനിലൂടെ ബോധവത്കരണ പരിപാടികൾ നടത്തുവാൻ സാമൂഹ്യനീതി വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ദുരുപയോഗവുമായി ബന്ധപ്പെട്ട് 90 സെക്കന്റ് ദൈർഘ്യമുള്ള ഹ്രസ്വ ചിത്രം തയ്യാറാക്കി തമിഴ്, കന്നഡ, ബംഗാളി, ആസാമീസ്, ഒഡിയ, ഹിന്ദി എന്നീ ഭാഷകളിലേക്ക് വിവർത്തനം ചെയ്ത് വാട് സ്ആപ്പ്, ഫേസ്ബുക്ക് തുടങ്ങിയ സോഷ്യൽ മീഡിയകളിലൂടെ അതിഥി തൊഴിലാളികൾക്കിടയിൽ വ്യാപകമായി ഈ വീഡിയോ പ്രചരിപ്പിക്കുകയാണ് ഉദ്ദേശം.

ഇത്തരത്തിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗവുമായി ബന്ധപ്പെട്ട് അതിഥി തൊഴിലാളികളുടെ ഇടയിൽ സോഷ്യൽ മീഡിയ മുഖേന ഒരു കാംപെയ്ൻ നടത്തുന്നതിനായി ലഹരി വിരുദ്ധ മേഖലയിൽ പ്രവർത്തിക്കുന്ന NGO കളിൽ നിന്നും /അതിഥി തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിക്കുന്ന NGO കളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു.

PREETHY WILSON
Assistant Director
Directorate of Social Justice
Vikas Bhavan, Thiruvananthapuram-33

# APPLICATION FORM

| | | |
|---|---|---|
| 1. | Name of Organization | |
| 2. | Registration Number and Date (Enclose attested copy) | |
| 3. | Name of Chief functionary of the Organization | |
| 4. | Address of the Registered office of the Organization with pin code, Phone number and email id | |
| 5. | Name and address of the Administrative officer with phone number | |
| 6 | Total number of years of operation | |
| 7. | Organizations vision and Mission( not exceeding 50 words) | |
| 8. | Staff Strength | |
| 9. | Beneficiary details | |
| 10. | Income Tax Registration details (Enclose relevant documents) | |
| 11. | PAN Details of Organization | |
| 12. | Is the organization currently receiving funds from State/Central Government (if Yes , give details) | |
| 13. | Whether funds received for last 3 years were audited (if Yes, enclose copy of documents) | |
| 14. | Proposed Project Details | |
| 15. | Has any project has been done for Migrant Workers?(if Yes, give details) | |
| 16. | Details of Social media Campaign done so far ,If any( give details) | |
| 17. | Details of other Govt aided projects undertaken by the NGO currently | |
| 18. | Whether Organization recognized or aided by Central Govt./State Govt./Local Bodies (Register Number) | |
| 19 | Whether institution have received any award in the past . If so, specify and give brief account | |

Place

Date

Signature and seal of authorized signatory